"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കണ്ണൂർ നഗരസഭ പരിധിയിലെ അനധികൃതനിർമ്മാണത്തിന്റെ ക്രമവൽക്കരണം - റിവ്യു ഹർജി - ശ്രീ മുഹമ്മദ് ഷാഫി ഫയൽ ചെയ്ത WA 171/2025 നമ്പർ റിട്ട് അപ്പീലിൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ആർബി) വകുപ്പ്

സ.ഉ.(സാധാ) നം.1779/2026/LSGD തീയതി, തിരുവനന്തപുരം, 22-09-2026

---

പരാമർശം:-

1. 27.09.2014-ലെ സ.ഉ.(കൈ)നം.167/2014/തസ്വഭവ
2. 17-11-2017 ലെ സ.ഉ. (കൈ)നം.225/2017/തസ്വഭവ
3. ചീഫ് ടൗൺ പ്ലാനറുടെ(വിജിലൻസ്) 22-12-2022-ലെ CTPVIG/199/19(4) നമ്പർ റിപ്പോർട്ട്
4. ശ്രീ മുഹമ്മദ് ഷാഫി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WA 171/2025 നമ്പർ റിട്ട് അപ്പീലിലെ 10-02-2025 ലെ വിധിന്യായം.
5. ശ്രീ മുഹമ്മദ് ഷാഫി സമർപ്പിച്ച 12-02-2025 ലെ റിവ്യൂ ഹർജി.
6. കണ്ണൂർ ജില്ല ടൗൺ പ്ലാനറുടെ 10-11-2025-ലെ LSGD/JD/KNR/2990/2025-PLG3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ പഴയ ബസ് സ്റ്റാൻഡിൽ ശ്രീലക്ഷ്മി ആയുർവേദിക്കിന്റെ പിൻവശത്ത് ശ്രീ. മുഹമ്മദ് ഷാഫിയുടെ ഉടമസ്ഥതയിലുള്ള 7 നില കെട്ടിടത്തിന്റെ ക്രമവൽക്കരണത്തിനുള്ള അപേക്ഷയിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശം നൽകണമെന്നും മറ്റും ആവശ്യപ്പെട്ടു കൊണ്ട് ടിയാൻ ഫയൽ ചെയ്തിരുന്ന WP(C) 35220/2022 നമ്പർ കേസ്, ഹർജിക്കാരൻ ഈ റിട്ട് പെറ്റീഷനിൽ ഒരു ആനുകൂല്യത്തിനും അർഹനല്ലെന്ന് വ്യക്തമാക്കി 22.10.2024-ലെ വിധിന്യായ പ്രകാരം ബഹു. ഹൈക്കോടതി തള്ളിക്കളഞ്ഞിരുന്നു. പ്രസ്തുത വിധിന്യായത്തിനെതിരെ ടിയാൻ ഫയൽ ചെയ്ത WA 171/2025 നമ്പർ റിട്ട് അപ്പീലിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (4)-ലെ വിധിന്യായത്തിൽ ചുവടെപ്പറയും പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

".................. The petition was filed for a direction to take a decision on an application stated to be pending and the decision was then taken. The decision of the State though not formally communicated to the Appellant has been placed on record along with a

counter affidavit. That being the position, we do not find any impediment in the way of the Appellant challenging the rejection. It will be open to the Appellant to annex the communication dated 21 November 2022 received from the Town Planner to the Municipal Corporation as an order of rejection for the purpose of the challenge. The Appellant will take necessary steps within a period of four weeks from today."

മേൽ നിർദ്ദേശമനുസരിച്ച്, ശ്രീ മുഹമ്മദ് ഷാഫി പരാമർശം (5) പ്രകാരം 2018-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃതനിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങളുടെ ചട്ടം 11 പ്രകാരമുള്ള റിവ്യൂ ഹർജി സമർപ്പിച്ചിട്ടുണ്ട്. വിധിന്യായത്തിലെ നിർദ്ദേശമനുസരിച്ച് ഹർജിക്കാരനെ 24.09.2025 തീയതിയിൽ നേരിൽ കേൾക്കുകയുണ്ടായി.

2) ഹിയറിംഗിൽ ശ്രീ. മുഹമ്മദ് ഷാഫി ഹാജരാക്കിയ കത്തിൽ ചുവടെപ്പറയുന്ന വിവരങ്ങൾ ബോധിപ്പിച്ചിട്ടുണ്ട്.

ദീർഘകാലത്തെ പ്രവാസ ജീവിതത്തിനുശേഷം ടിയാന്റെ വക കണ്ണൂർ നഗരസഭ പരിധിയിലുള്ള Block - 6, T.S.No:297/2 ൽ ഉൾപ്പെട്ട വസ്തുവിൽ 2004-ൽ നഗരസഭയുടെ അനുമതിയോടുകൂടി ഇരുനിലകളിലായി 36 കടമുറികളുള്ള ഒരു കെട്ടിടം പണികഴിപ്പിച്ചിട്ടുള്ളതും ആയതിന് നഗരസഭ ഒക്യുപൻസി നൽകി കടമുറികൾ നമ്പർ ചെയ്ത് നൽകിയിട്ടുള്ളതാണ്. തുടർന്ന് കെട്ടിടനിർമ്മാണ അനുമതി പ്രകാരം മേൽപ്പറഞ്ഞ കെട്ടിടമുൾപ്പെടുത്തി B+G+6 ഉൾപ്പെടുന്ന ഒരു ബഹുനില കെട്ടിടം പണികഴിപ്പിച്ചിട്ടുള്ളതും, ആയത് നാളിതുവരെ നമ്പരിട്ടു കിട്ടിയിട്ടില്ലാത്തതുമാണ്. പെർമിറ്റ് പ്രകാരം നിർമ്മിച്ച കെട്ടിടം അനധികൃതമാണെന്ന് ആരോപിച്ച് നഗരസഭ സെക്രട്ടറി നടപടി കൈക്കൊണ്ടതിനെത്തുടർന്ന് ക്രമവൽക്കരണ അപേക്ഷകൾ നൽകിയിരുന്നു. ആയത് നിലനിൽക്കേ, കെട്ടിടം പൊളിച്ചു മാറ്റുന്നതിനും, പിഴ നികുതി ആവശ്യപ്പെട്ടുള്ള നടപടികളും നഗരസഭ സെക്രട്ടറി കൈക്കൊണ്ടു. തുടർന്ന് ബഹു. കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി ബോധിപ്പിച്ചു. ടൗൺ പ്ലാനർ നഗരസഭ സെക്രട്ടറിക്ക് ക്രമവൽക്കരണ അപേക്ഷ നിരസിച്ചതായി കത്ത് നൽകിയതായി നഗരസഭ സ്റ്റാൻ്റിംഗ് കൗൺസൽ ബഹു. ഹൈക്കോടതിയിൽ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന്മേൽ തുടർ പരിഹാരമാർഗ്ഗങ്ങൾ അവലംബിക്കാൻ നിർദ്ദേശിച്ച് വിധിന്യായം പുറപ്പെടുവിച്ചിരുന്നു. റഗുലറൈസേഷൻ കമ്മിറ്റി ഉത്തരവില്ലാതെ തുടർനടപടി സാധ്യമാകില്ലെന്നു കണ്ടു ബോധിപ്പിച്ച WA 171/2025 ാം നമ്പർ റിട്ട് അപ്പീൽ, വാദം കേട്ട് വിധി പുറപ്പെടുവിച്ചിട്ടുള്ളതും അതനുസരിച്ച് സർക്കാരിൽ റിവ്യൂ ഹർജി ബോധിപ്പിച്ചിട്ടുള്ളതുമാണ്. സർവ്വസമ്പാദ്യങ്ങളും ഉപയോഗിച്ചും കടം വാങ്ങിയും നഗരസഭയുടെ അനുമതി പ്രകാരം നിർമ്മിച്ച വാണിജ്യ കെട്ടിടം ഇടിച്ചുകളയുന്നതിനും, വലിയൊരു തുക ബാധ്യത കാണിച്ച് പിഴ നികുതി ആരോപിച്ച് ടിയാനെയും കുടുംബത്തേയും പൂർണ്ണമായും തകർക്കുന്ന നടപടിക്ക് ഒരുങ്ങുകയാണ്. മേൽപ്പറഞ്ഞ നടപടികൾ തീർത്തും നിയമവിരുദ്ധവും ടിയാന്റെയും കുടുംബത്തിന്റെയും ജീവൻ നിലനിർത്താൻ സാധിക്കാതെ തകർത്തു കളയുംവിധം ഭീകരവും നിർദ്ദയമായുമുള്ള നടപടിയുമാണ്. ആകയാൽ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം ക്രമവൽക്കരിച്ച് പിഴ നികുതി നടപടികൾ നിയമവിരുദ്ധമാണെന്ന് കണ്ട് റദ്ദാക്കി ഉത്തരവുണ്ടാകണം.

3) കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ പഴയ ബസ് സ്റ്റാൻഡിൽ ശ്രീലക്ഷ്മി ആയുർവേദിക്കിന്റെ പിൻവശത്ത് ശ്രീ. മുഹമ്മദ് ഷാഫിയുടെ ഉടമസ്ഥതയിലുള്ള 7 നില കെട്ടിടത്തിന്റെ 3 നിലയ്ക്ക് മാത്രമാണ് അനുമതിയെന്നും മറ്റു നാലുനിലകൾ അനധികൃതമാണെന്നും ആരോപിച്ചു കൊണ്ട് ലഭിച്ചിരുന്ന പരാതിയിൽ അന്വേഷണം നടത്തി പരാമർശം (3) പ്രകാരം ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ലഭ്യമാക്കിയിരുന്ന റിപ്പോർട്ടിൽ പ്രസ്തുത കെട്ടിടം സംബന്ധിച്ച് ചുവടെപ്പറയുന്ന വിവരങ്ങൾ അറിയിച്ചിരുന്നു.

i. 18.08.2024-ന് രണ്ട് നില വാണിജ്യ കെട്ടിടത്തിന് (GF+FF) പെർമിറ്റ് നൽകിയതിലും രണ്ട് നിലകളുടെ നിർമ്മാണം പൂർത്തിയായി 20.06.2006-ന് ഒക്യുപൻസി നൽകിയതിലും ചട്ടലംഘനമില്ല. എന്നാൽ ബേസ്‌മെന്റ് ഫ്ലോർ നിർമ്മാണം നടത്തിയതായി പ്ലാനിലോ സാങ്കേതിക ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിലോ സൂചിപ്പിച്ചിട്ടില്ല. നിലവിൽ കാണുന്ന ബേസ്‌മെന്റ് ഫ്ലോർ, ഫ്രെയിംഡ് സ്ട്രക്ചറിൽ പിന്നീട് നിർമ്മിക്കുക എന്നത് അസാധ്യമായതിനാൽ ബേസ്‌മെന്റ് ഫ്ലോർ അനധികൃതമാണ്.

ii. 29.11.2006-ൽ നിലവിലുള്ള രണ്ട് നിലയോട് കൂട്ടിച്ചേർത്ത് അഞ്ചാം നില (ഫിഫ്ത്ത് ഫ്ലോർ) വരെ നിർമ്മിക്കുന്നതിന് റിവൈസ്ഡ് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിലും 26.08.2008-ൽ ആറാം നില നിർമ്മിക്കുന്നതിന് റിവൈസ്ഡ് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിലും കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ 1999-ന്റെ ചട്ടം 117 (5 metre clear motorable open space), ചട്ടം 33 (വഴിവീതി) എന്നിവയുടെ ലംഘനമുണ്ട്.

iii. കെട്ടിടത്തിന്റെ മുൻഭാഗത്ത് തെക്കു കിഴക്ക് വശത്ത് ഗ്രൗണ്ട് ഫ്ലോറിലെ കോളത്തിൽ നിന്ന് പ്ലോട്ടതിർത്തിയിലേക്ക് 2.05 മീറ്റർ അകലമാണ് ലഭ്യമാകുന്നത്. കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 1999-ന്റെ ചട്ടം 117 പ്രകാരം 5 മീറ്റർ ആവശ്യമാണ്. കെട്ടിടത്തിന്റെ വടക്ക് പടിഞ്ഞാറ് വശത്ത് 1.20 മീറ്റർ അതിരിൽ നിന്ന് അകലം പാലിച്ചു കൊണ്ട് സ്റ്റെയർകേസ് നിർമ്മിച്ചിരിക്കുന്നു. ചട്ടം 117 പ്രകാരം 5 മീറ്റർ clear motorable open space ആവശ്യമായ സ്ഥലത്താണ് സ്റ്റെയർകേസ് നിർമ്മിച്ചിരിക്കുന്നത്. സ്റ്റെയർകേസ് നിർമ്മാണം ചട്ടം 24(5), 24(8) (Side setback) എന്നിവയുടെ ലംഘനം കൂടിയാണ്. ആറാം നിലയ്ക്ക് മുകളിൽ നിർമ്മാണം നടത്തിയിട്ടുണ്ട്. ഇത് പെർമിറ്റിൽ ഉൾപ്പെടുന്നതല്ല. അഡീഷണൽ എഫ്എആർ-ന് അധികഫീസ് ഈടാക്കാതെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുള്ളതിനാൽ ചട്ടം 31(3)-ന്റെ ലംഘനവുമുണ്ട്.

4) ഹിയറിംഗിൽ ശ്രീ. മുഹമ്മദ് ഷാഫി ഹാജരാക്കിയ കത്തിന്മേൽ പരാമർശം (6) പ്രകാരം കണ്ണൂർ ജില്ല ടൗൺ പ്ലാനർ ചുവടെ പറയുന്ന വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1175 ച.മീ വിസ്തൃതി ഉള്ള സ്ഥലത്ത് നിർമ്മിച്ച പ്രസ്തുത കെട്ടിടം [B+G+6 Floors + Terrace Floor + Machine Room, Height of Building: 24.23 m (High Rise Building), Occupancy: Group-A2 & Group- F] ക്രമവൽക്കരിക്കുന്നതിന് 2018-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃതനിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ പ്രകാരം ശ്രീ മുഹമ്മദ് ഷാഫി

പി സമർപ്പിച്ച അപേക്ഷ 14/11/2022-ന് ചേർന്ന ജില്ലാതല ക്രമവൽക്കരണ കമ്മിറ്റിയിൽ പരിഗണിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർമ്മാണത്തിന് കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 1999, ചട്ടം 24(3), 24(4), 24(5), 24(2), 26A, 31(2), 34(2), 34(4), 34(6), 40A, 48, 53(3), 56(3c) 56(3j), 109A, 117, 120 എന്നിവയുടെയും Development plan for Kannur Municipal Area 2031-ന്റെയും ലംഘനമുണ്ട്. 2018-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃതനിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങളുടെ ചട്ടം 6(4) ii പ്രകാരം Safety and security provisions in the Building Rules laid out in Appendix II-ന്റെ ലംഘനമുണ്ടെങ്കിൽ ക്രമവൽക്കരണ അപേക്ഷ പരിഗണിക്കുന്നതിന് സാധിക്കുന്നതല്ല. "ചട്ടം 117 ഉയരം കൂടിയ കെട്ടിടങ്ങൾക്കുള്ള സുരക്ഷ വ്യവസ്ഥകൾ" പ്രകാരം ടി കെട്ടിടത്തിന്റെ മുൻഭാഗത്തും തെരുവിനോട് ചേർന്ന് വശങ്ങളിലേതെങ്കിലുമൊന്നിനും ഏറ്റവും ചുരുങ്ങിയത് 5 മീറ്റർ വീതിയുള്ള തുറസ്സായ സ്ഥലം ലഭ്യമാക്കിയിട്ടില്ല. കൂടാതെ 2018-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃതനിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങളുടെ ചട്ടം 6(4)ix പ്രകാരം ടൗൺ പ്ലാനിംഗ് സ്കീമിന്റെ ലംഘനമുണ്ടെങ്കിൽ ക്രമവൽക്കരണ അപേക്ഷ പരിഗണിക്കുവാൻ സാധിക്കുന്നതല്ല. Development plan for Kannur Municipal Area 2031 സോണിംഗ് റഗുലേഷൻസ് പ്രകാരം ടി കെട്ടിടം ഉൾപ്പെടുന്ന കമേർഷ്യൽ സോണിൽ ഡോർമിറ്ററി അനുവദനീയമല്ല. മേൽപ്പറഞ്ഞവ ഒഴികെയുള്ള മറ്റ് ലംഘനങ്ങൾ 2018-ലെ അനധികൃതനിർമ്മാണങ്ങളുടെ ക്രമവൽക്കരണം ചട്ടങ്ങൾ പ്രകാരം ക്രമവൽക്കരിക്കാവുന്നതാണ്. 19.07.2024-ൽ പ്രാബല്യത്തിൽ വന്ന മാസ്റ്റർ പ്ലാൻ ഫോർ കണ്ണൂർ സിറ്റി (സാങ്ഷൻഡ്) പ്രകാരം നിർമ്മാണസ്ഥലം മൾട്ടിഫങ്ഷൻ സോണിലാണ് ഉൾപ്പെടുന്നത് .

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്രമവൽക്കരണ അപേക്ഷകൾ പരിഗണിക്കുമ്പോൾ ക്രമവൽക്കരണം അനുവദിക്കുന്ന സമയത്ത് പ്രാബല്യത്തിലുള്ള മാസ്റ്റർ പ്ലാൻ/വിശദ നഗരാസൂത്രണ പദ്ധതികൾ പ്രകാരം അപേക്ഷകർക്ക് ആനുകൂല്യം ലഭിക്കുന്ന സാഹചര്യമാണുള്ളതെങ്കിൽ ആയത് പരിഗണിക്കാവുന്നതാണ്. അത്തരം പുതിയ മാസ്റ്റർ പ്ലാൻ/ വിശദ നഗരാസൂത്രണപദ്ധതികൾ എന്നിവയിൽ റോഡ് വൈഡനിംഗ് പ്രൊപ്പോസൽ ഉള്ള പക്ഷം റോഡ് വൈഡനിംഗ് നടപ്പിലാകുന്ന മുറയ്ക്ക് നിർമ്മാണം സ്വന്തം ചെലവിൽ പൊളിച്ചു മാറ്റുന്നതാണെന്ന നിബന്ധനയോടെ ജില്ലാതല ക്രമവൽക്കരണ കമ്മിറ്റിയുടെ അധികാരമനുസരിച്ച് ടി വിഷയത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതുമാണ്. നഗരസഭ നൽകിയിട്ടുള്ള പെർമിറ്റിൽ എന്തെങ്കിലും ക്രമക്കേടോ ചട്ടലംഘമോ കണ്ടെത്തിയാലും, നഗരസഭ നൽകിയിട്ടുള്ള പെർമിറ്റ് പ്രകാരമാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതെങ്കിൽ നിബന്ധനകൾക്ക് വിധേയമായി കെട്ടിടങ്ങൾക്ക് ഒക്യുപൻസി നൽകുവാൻ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി പുറപ്പെടുവിച്ച പരാമർശം (1)-ലെ സർക്കാർ ഉത്തരവ്, പരാമർശം (2) പ്രകാരം റദ്ദ് ചെയ്തിട്ടുള്ളതുമാണ്.

6) 19.07.2024-ൽ പ്രാബല്യത്തിൽ വന്ന മാസ്റ്റർ പ്ലാൻ ഫോർ കണ്ണൂർ സിറ്റി (സാങ്ഷൻഡ്) പ്രകാരം നിർമ്മാണസ്ഥലം മൾട്ടിഫങ്ഷൻ സോണിലാണ് ഉൾപ്പെടുന്നത്. എന്നാൽ പ്രസ്തുത കെട്ടിടത്തിന് കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ 1999 ചട്ടം 117 പ്രകാരം 5 മീറ്റർ തുറസ്സായ സ്ഥലം ലഭ്യമല്ല. 2018-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃതനിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങളുടെ ചട്ടം 6(4)ii പ്രകാരം Safety and

security provisions in the Building Rules laid out in Appendix II-ന്റെ ലംഘനമുണ്ടെങ്കിൽ ക്രമവൽക്കരണ അപേക്ഷ പരിഗണിക്കുന്നതിന് സാധിക്കുന്നതല്ല.

7) മേൽ സാഹചര്യത്തിൽ പരാമർശം (5) പ്രകാരമുള്ള ശ്രീ മുഹമ്മദ് ഷാഫിയുടെ റിവ്യൂ ഹർജി നിരസിച്ചുകൊണ്ടും ഇപ്രകാരം ബഹു. ഹൈക്കോടതിയുടെ വിധിന്യായം നടപ്പാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീ. മുഹമ്മദ് ഷാഫി, സഫിയാസ്, പി.ഒ. മാടായി, കണ്ണൂർ
ചീഫ് ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ല ടൗൺ പ്ലാനർ, കണ്ണൂർ
സെക്രട്ടറി, കണ്ണൂർ നഗരസഭ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി) ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂമീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Reese. V. A
Date: 23-09-2026
10:47:38
സെക്ഷൻ ഓഫീസർ